# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 884 — 20.03.2013 -ൽ മറുപടിയ്ക്ക്

## ഒഡേപെക്കിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**
**ശ്രീ. വർക്കല കഹാർ**
**ശ്രീ. വി.ഡി.സതീശൻ**
**ശ്രീ. പി.സി.വിഷ്ണുനാഥ്**

**ഉത്തരം**

**ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഒഡേപെക്കിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ; വിശദമാ ക്കുമോ ; | (എ) | 'ഒഡേപെക്' ന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ വിദേശരാജ്യങ്ങളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതിനായി ന്യൂഡൽഹിയിലും മുംബെയിലും പ്രവർത്തിക്കുന്ന വിദേശ എംബസികൾ/ കോൺസുലേറ്റുകൾ എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തുകയും അതുപോലെ യു.എ.ഇ., ഖത്തർ എന്നീ രാജ്യങ്ങൾ സന്ദർശിച്ച് വിദേശമലയാളി സംഘടനകളുടെ ഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ തൊഴിൽ ദാതാക്കളുമായി ബന്ധപ്പെട്ട് 'ഒഡേപെക് ' വഴി റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>അതോടൊപ്പം വിദേശരാജ്യങ്ങളിലെ തൊഴിൽ ദാതാക്കളുമായി ചർച്ചകൾ നടത്തുന്നതിനും കരാറിൽ ഏർപ്പെടുവാനും പദ്ധതി ത്രപീകരിച്ചിട്ടുണ്ട്.<br>ഉദ്യോഗാർത്ഥികളെ കാലതാമസം കൂടാതെ റിക്രൂട്ട് ചെയ്ത് വിദേശത്തേക്ക് അയയ്ക്കുന്നതിന് വേണ്ടി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു ജോബ് പോർട്ടൽ 2012 ആഗസ്ത് മാസം പ്രവർത്തനമാരംഭിച്ചു. ഖത്തർ, കുവൈറ്റ്, ബഹറൈൻ മുതലായ ഗൾഫ് രാജ്യങ്ങളിലെ ആരോഗ്യമന്ത്രാലയത്തിൻ കീഴിലുള്ള ആശുപത്രികളിൽ നഴ്സുമാരെയും പാരാമെഡിക്കൽ ടെക്നീഷ്യൻമാരേയും ഒ.ഡി.ഇ.പി.സി. വഴി നിയമിക്കുന്നതിന് വേണ്ടി |

| | | | |
|---|---|---|---|
| | | | പ്രാരംഭചർച്ചകൾ നടന്നു വരുന്നു. ഖത്തറിലെ ഹമദ് മെഡിക്കൽ കോർപറേഷനിലെ ഉന്നത ഉദ്യോഗസ്ഥരുമായി നേരിട്ട് ചർച്ച നടത്തിയതിന്റെ ഭാഗമായി ഭാവിയിൽ ഒ.ഡി.ഇ.പി.സി. വഴി റിക്രൂട്ട്മെന്റ് നടത്താമെന്ന് വാഗ്ദാനം ലഭിക്കുകയും ചെയ്തു. കൂടുതൽ വിദേശ റിക്രൂട്ട്മെന്റുകൾ നേടുന്നതിലേക്കായി സംസ്ഥാനം, കേന്ദ്ര പ്രവാസികാര്യ വകുപ്പ് മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. അതുപോലെ നിരന്തരം വിദേശത്തുള്ള ഇന്ത്യൻ എംബസികളുമായി ബന്ധപ്പെട്ട് കൂടുതൽ അവസരങ്ങൾക്കായി ശ്രമിച്ചു കൊണ്ടിരിക്കുന്നു.<br>2013 ജനുവരിയിൽ എറണാകുളത്ത് വച്ച് നടന്ന 'പ്രവാസി ഭാരതി ദിവസ് ' വേളയിൽ ധാരാളം വിദേശരാജ്യങ്ങളിലെ എംബസി ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തുകയും ഒഡെപെകിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവർക്ക് വ്യക്തമാക്കി കൊടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എന്തെല്ലാം പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് ഒഡേപെക് നടത്തി വരുന്നത് ; വിശദമാക്കുമോ ; | (ബി) | പൊതുമേഖലാ സ്ഥാപനമായ 'ഒഡെപെക്' ന്റെ പ്രധാന പ്രവർത്തന മേഖല വിദേശത്തുള്ള തൊഴിലവസരങ്ങൾ കണ്ടെത്തി സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കി കൊടുക്കുകയും ഈ മേഖലയിൽ നിലനിൽക്കുന്ന സ്വകാര്യ ഏജൻസികളുടെ ചൂഷണത്തിൽ നിന്നും തൊഴിൽ അന്വേഷകരെ ഒരു പരിധി വരെ സംരക്ഷിക്കുകയുമാണ്. നിലവിൽ 'ഒഡേപെക്' ന്റെ ഡേറ്റാബാങ്കിൽ ഏകദേശം ഇരുപതിനായിരത്തോളം പേർ വിദേശത്തൊഴിലിനായി പേര് രജിസ്റ്റർ ചെയ്ത് തൊഴിലവസരം പ്രതീക്ഷിക്കുന്നുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള തൊഴിലവസരങ്ങൾ കൂടി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് ലഭ്യമാക്കി കൊടുക്കുക എന്ന ഉദ്ദേശത്തോടെ ഡൊമസ്റ്റിക് റിക്രൂട്ട്മെന്റ് ആരംഭിച്ചു കഴിഞ്ഞു. അതിനായുള്ള ഓൺലൈൻ രജിസ്ട്രേഷനുള്ള ജോബ് പോർട്ടൽ 2012 ആഗസ്തിൽ പ്രവർത്തനമാരംഭിച്ചു.<br>ഓവർസീസ് & ഡൊമസ്റ്റിക് റിക്രൂട്ട്മെന്റ് കൂടാതെ വിദേശത്ത് ജോലിയിൽ പ്രവേശിക്കാൻ തയ്യാറായി നിൽക്കുന്ന നഴ്സുമാർക്കു വേണ്ടി പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകളും വിദേശതൊഴിലിനുള്ള ഇൻറർവ്യൂവിൽ പങ്കെടുക്കുന്നവർക്കുവേണ്ടി പ്രീ-ഇന്റർവ്യൂ ട്രെയിനിംഗ് പ്രോഗ്രാമുകളും നടത്തി വരുന്നു.<br>ഇതിനുപുറമേ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങളെ വിദേശ തൊഴിൽ |

| | | | |
|---|---|---|---|
| | | | നേടുന്നതിന് പ്രാപ്തരാക്കുവാനായി "Overseas Employment Orientation for Scheduled Castes & Scheduled Tribes in Kerala" എന്ന പരിശീലന പരിപാടി നടത്തിവരുന്നു. ഇതുകൂടാതെ ദേശീയ-അന്തർദേശീയ വിമാന ടിക്കറ്റുകൾ ലഭ്യമാക്കുന്നതിനായി അയാട്ട അംഗീകാരമുള്ള ഒരു ട്രാവൽ ഏജൻസിയും പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ഐ.റ്റി.ഐ കളിൽ നിന്ന് ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് ഒഡേപെക് വഴി വിദേശത്ത് തൊഴിലവസരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | ഐ.ടി.ഐ. കളിൽ നിന്ന് ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് വിദേശത്ത് തൊഴിലവസരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ? | (ഡി) | ഇതുമായി ബന്ധപ്പെട്ട്, വിവിധ വിദേശ കമ്പനികൾ ഒഡേപെക് മുഖാന്തിരം ഐ.ടി.ഐ. കഴിഞ്ഞവർക്കുള്ള റിക്രൂട്ട്മെന്റ് നടത്തിവരുന്നുണ്ട്. ഇതുകൂടാതെ ഒഡേപെകും എറണാകുളത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് & റിസർച്ചും (KIWR) തമ്മിലൊപ്പിട്ട കരാർ പ്രകാരം KIWR -ൽ നിന്നും പഠിച്ചിറങ്ങുന്ന യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് ഒഡെപെക് വഴി വിദേശതൊഴിൽ നേടികൊടുക്കുന്നതിനും വിദേശ തൊഴിൽ ദാതാക്കൾ നടത്തുന്ന ട്രേഡ് ടെസ്റ്റിനു വേണ്ടി KIWR ന്റെ ലാബും മറ്റു സൗകര്യങ്ങളും പ്രയോജനപ്പെടുത്താനും ധാരണയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ